## പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2885** **13.03.2018 ൽ മറുപടിയ്ക്ക്**

## നാളികേര കൃഷി

| ചോദ്യം<br>ശ്രീ.വി.ഡി.സതീശൻ | | മറുപടി<br>ശ്രീ. വി.എസ്. സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) | |
|---|---|---|---|
| എ) | തേങ്ങ ഉല്പാദനത്തിൽ ഒന്നാം സ്ഥാനത്ത് ആയിരുന്ന നമ്മുടെ സംസ്ഥാനം കർണ്ണാടകയ്ക്കും തമിഴ് നാടിനും പിന്നിലാകുവാൻ ഉണ്ടായ കാരണങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; | എ) | കേന്ദ്ര കൃഷി മന്ത്രാലയത്തിന്റെ ഹോർട്ടിക്കൾച്ചർ ഡിവിഷൻ പ്രസിദ്ധീകരിച്ച 2016-17 ലെ എസ്റ്റിമേറ്റ് പ്രകാരം നാളികേര ഉൽപ്പാദനത്തിൽ മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളം തന്നെയാണ് മുന്നിൽ നിൽക്കുന്നത്. |
| ബി) | കഴിഞ്ഞ സർക്കാരിന്റെ കാലത്ത് നാളികേരാധിഷ്ഠിത ഉല്പന്നങ്ങൾ ലക്ഷ്യമിട്ട് പ്രൊഡ്യൂസേഴ്സ് കമ്പനി ആരംഭിച്ചിരുന്നോ; | ബി) | കേന്ദ്ര സർക്കാർ സ്ഥാപനമായ നാളികേര വികസന ബോർഡിന്റെ കീഴിൽ 2014 മുതലുള്ള കാലഘട്ടത്തിലായി 29 നാളികേര പ്രൊഡ്യൂസേഴ്സ് കമ്പനികൾ രൂപീകരിച്ച് 2013 ലെ കമ്പനീസ് ആക്ട് പ്രകാരം രജിസ്റ്റർ ചെയ്തിട്ടുണ്ട്. |
| സി) | വൈവിധ്യങ്ങളായ നാളീകേര ഉല്പന്നങ്ങൾ വിപണിയിൽ എത്തിക്കുന്ന കമ്പനികൾ സ്ഥാപിക്കുന്നതിന് പ്രോത്സാഹനം നൽകുമോ? | സി) | നാളികേര വികസന ബോർഡ് (CDB) മുഖേന ടെക്നോളജി മിഷൻ ഓൺ കോക്കനട്ട് (TMOC) എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി പാക്ക് ചെയ്ത് ബ്രാൻഡ് നാമത്തോടുകൂടിയുള്ള വെളിച്ചെണ്ണ, വിറ്റാമിൻ-ഇ സമ്പുഷ്ടമായ വെർജിൻ കോക്കനട്ട് ഓയിൽ, സംസ്കരിച്ച കരിക്കിൻ വെള്ളം, നിർജ്ജലീകരിച്ച തേങ്ങാപ്പൊടി, പുളിപ്പിച്ച തേങ്ങാ വെള്ളം ഉപയോഗിച്ച് നിർമ്മിക്കുന്ന നാളികേര വിനാഗിരി, കോക്കനട്ട് ഐസ്ക്രീം, കോക്കനട്ട് ചിപ്സ്, സ്നോബോൾ ടെണ്ടർ കോക്കനട്ട്, കോക്കനട്ട് പുഡ്ഡിംഗ്, തെങ്ങിൻ ശർക്കര, ചിരട്ടക്കരി തുടങ്ങിയ വൈവിധ്യങ്ങളായ നാളികേര ഉത്പന്നങ്ങൾ നിർമ്മിക്കുവാനുള്ള സംരംഭങ്ങളുടെ പ്രോജക്ട് തുകയുടെ 25% |

പരമാവധി 50 ലക്ഷം രൂപ back ended credit capital ആയി ധനസഹായം നൽകുന്നുണ്ട്.

കൂടാതെ എസ് എഫ് എ സി (സ്മാൾ ഫാർമേഴ്സ് അഗ്രി ബിസിനസ്സ് കൺസോർഷ്യം) എന്ന പൊതുമേഖലാ സ്ഥാപനം നാളികേര മൂല്യവർദ്ധനവ് പ്രോത്സാഹിപ്പിക്കുന്നതിനായുള്ള പദ്ധതികൾക്ക് ധനസഹായം നൽകുന്നുണ്ട്.

**സെക്ഷൻ ഓഫീസർ**